(ബി) സ്കൂൾ മാനേജിംഗ് കമ്മിറ്റി 13-5-2019-ന് ബഹു.വിദ്യാഭ്യാസ വകുപ്പുമന്ത്രിയ്ക്ക് നൽകിയ നിവേദനത്തിൽ സ്വീകരിച്ചുവരുന്ന തുടർനടപടികൾ വിശദീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതി പാതിവഴിയിൽ നിന്നുപോകാതെ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത നിവേദനം ഈ വകുപ്പിൽ ലഭിച്ചതായി കാണുന്നില്ല.

(സി) 2017-18-ൽ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ മികവിന്റെ കേന്ദ്രമാക്കുന്ന ഗവൺമെന്റ് ബോയ്സ് വി.എച്ച്.എസ്.എസ്., പെരുവയ്ക്ക് 6.62 കോടി (ആറ് കോടി അറുപത്തിരണ്ട് ലക്ഷം) രൂപയുടെ ഭരണാനുമതി നൽകുകയും 5 കോടി (അഞ്ച് കോടി) രൂപ കിഫ്ബി ധനസഹായവും എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച 1.62 കോടി (ഒരു കോടി അറുപത്തിരണ്ട് ലക്ഷം) രൂപയും ചേർത്ത് 6.62 കോടി (ആറ് കോടി അറുപത്തിരണ്ട് ലക്ഷം) രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ കൈറ്റ് മുഖേന നടന്നുവരുന്നു. ഏറ്റെടുത്ത പ്രവൃത്തികൾ പാതിവഴിയിൽ നിന്നുപോകാതെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**പിറവം നിയോജകമണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ പദ്ധതികൾ**

148 (4472) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്ന് പദ്ധതികൾ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly